

little KITEs
തണൽ
ഡിജിറ്റൽ മാസിക
ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ
നേര്യമംഗലം
ലിറ്റിൽ കൈറ്റ്സ് സംരഭം
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# തണൽ


## ഡിജിറ്റൽ മാസിക

## 2018-19

### ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
### നേര്യമംഗലം



## ലിറ്റിൽ കൈറ്റ്സ് സംരഭം


സന്ദേശം
നേര്യമംഗലം ഗവ.വൊക്കേഷ്ണൽ ഹയർ
സെക്കൻഡറി സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 'തണൽ'
എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കിയതിൽ വളരെയേറെ
സന്തോഷിക്കുന്നു.
ഇതിനുതയ്യാറായ എല്ലാ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും
അനുമോദിക്കുന്നു.
ഈ പ്രവർത്തനത്തിനും
ഇനിയുള്ള പ്രവർത്തനങ്ങൾക്കും
എന്റെ എല്ലാവിധ
ആശംസകളും നേരുന്നു.
കൃഷ്ണബാബു കെ
ഹെഡ്മാസ്റ്റർ

എഡിറ്റോറിയൽ

# തണലൊരുക്കാം...

ലോകം വലിയ ചൂടിന്റെ കാലത്തുകൂടിയാണ് കടന്ന് പേകുന്നത്. ദിനന്തോറും കാലാവസ്ഥ മാറിക്കൊരിരിക്കുന്നു. ആഗോളതാപനം ലോകത്തെ പിടിമുറിക്കിയിരിക്കുകയാണ്. ലോകത്തുണ്ടായ പാരിസ്ഥിതിക കയ്യേറ്റങ്ങളാണ് ആഗോളതാപനം വർദ്ധിക്കുവാൻ കാരണം.
ഓർമിക്കുക ഒരോ പച്ചപ്പും നുള്ളിയെടുക്കുമ്പോൾ ജീവന്റെ തണലുകളാണ് നഷ്ടമാകുന്നത്.

നമ്മുക്കൊരു തണലാകാം...

ലോകത്തിന്,
ജീവി വർഗത്തിന്,
സസ്യവർഗങ്ങൾക്ക്,
മനുഷ്യന്...
അങ്ങനെ എല്ലാം സംരക്ഷിക്കുന്ന
ഒരു തണൽമരം...



അഹാന അക്ബർ
എഡിറ്റർ
തണൽ

# കുക്കുവും വിക്കുവും

ഒരു ദിവസം കുക്കു എന്ന കുഞ്ഞികിളിയും വിക്കു എന്ന കുറുക്കനും കൂടി കാടിനകത്തുള്ള ഒരു ഗ്രാമത്തിൽ അങ്ങനെ അവർ നടന്നുകോണ്ടിരിന്നപ്പോഴാണ്
ഒരു കോഴി കൂട്ടുകണ്ടത് . ഹയ്യടാ അതിൽ കോഴിമുട്ട കാണും വിക്കു പറഞ്ഞു.
വിക്കു നീ അങ്ങോട്ട് പോകേണ്ട അത് നിനക്ക് അപകടമാണ് എന്ന് കുക്കു പറഞ്ഞു.
അവനെ തടയാൻ നോക്കി . എന്നാൽ വിക്കു അത് കേൾക്കാത്ത ഭാവം വെച്ചു.
അവൻ ആരും കാണാതെ കോഴിക്കൂടിനുമുന്നിലെത്തി. ആരും കാണാതെ അവൻ
കോഴിമുട്ടയെടുത്തു . ആ കോഴിമുട്ടയുമായി ഓടാൻ തുടങ്ങിയപ്പോൾ ഒരു
കല്ലിൽ തട്ടി "പിധും" എന്നൊറ്റവീഴ്ച്ച .ആ ശബ്ദം കേട്ട് ആളുകൾ വടിയും ആയി
തലലാൻ വന്നു . നിൽക്കു ഒരു വിധത്തിൽ എഴുന്നേറ്റ് രക്ഷപെട്ടു . അതു
കഴിഞ്ഞ് അവന് മനസ്സിലായി കുക്കു പറഞ്ഞത് കേട്ടാൽ മതിയായിരുന്നുവെന്ന് .

**ഗുണപാഠം : അത്യാഗ്രഹം ആപത്ത്**

**-സാന്ദ്ര സജേഷ്**

# കുമാരനാശാൻ


മലയാള കവിതയുടെ കാൽപ്പനിക വസന്തത്തിന് തുടക്കം കുറിച്ച കവിയാണ് കുമാരനാശാൻ. 12 ഏപ്രിൽ 1873 ചിറയൻ കീഴ് താലൂക്കിൽ പെട്ട കായിക്കര ഗ്രാമത്തിൽ തൊമ്മൻ വിളാകം വീട്ടിലാണ് ആശാൻ ജനിച്ചത്. അച്ഛൻ നാരായണൻ അമ്മ കാളിയമ്മ. നിയമസഭാ മെമ്പർ, പ്രജസഭാമെമ്പർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഇരുപതിനായിരത്തിലേറെ വരികളിൽ വ്യാപിച്ചുകിടക്കുന്ന പതിനേഴ് കൃതികളാണ് ആശാന്റെ സംഭാവന. ആശാന്റെ പ്രശസ്ത വിലാപ കാവ്യമാണ് പ്രജോദനം. ഗുരുവും വഴക്കാട്ടിയുമായ എ. ആർ ന്റെ മരണത്തിൽ വിലപിച്ച് ആശാൻ രചിച്ച കാവ്യമാണ് പ്രജോധനം. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, കരുണ തുടങ്ങിയവയാണ് പ്രധാന കൃതികൾ.

കേരള ഹൃദയത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മഹാകവി കുമാരനാശാൻ 1924 ജനുവരി 16 ന് 51 വയസ്സുള്ളപ്പോൾ വല്ലയനാറ്റിൽ വെച്ചുണ്ടായ റെഡ്മീർ ബോട്ടപകടത്തിൽ പെട്ട് അന്തരിച്ചു.



# വീണപൂവ്

**കുമാരനാശാൻ**



ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര–അസംശയ–മിന്നു നിന്റെ–
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ? 1

ലാളിച്ചു പെറ്റ ലതയമ്പൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ–
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ 2

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ 3

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി–
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന താരാ–
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ 4

ഈവണ്ണമമ്പൊടു വളർന്നഥ നിൻറെയംഗ–
മാവിഷ്ക്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു. 5

ആരോമലാമഴക്, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന, സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ; ആ മൃദുമെയ്യിൽ നവ്യ–
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ. 6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ–
വൈരിയ്ക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി–
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം. 7

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക–
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ; ചിത്രമല്ല–

തില്ലാർക്കുമീഗുണവു, മേവമകത്തു തേനും. 8

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ–
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ–
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം. 9

"കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന"മെന്നു നിന്റെ–
യീ ലോലമേനി പറയുന്നനുകമ്പനീയം. 10

അന്യോപമാണഴകു കണ്ടു വരിച്ചിടും നീ–
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം;
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ. 11

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ച
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം. 12

“എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാൻ
എന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ”
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു? 13

ഹാ! കഷ്ട,മാ വിബുധകാമിതമാം ഗുണത്താ–
ലാകൃഷ്ടനാ, യനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ–
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ. 14

# അമ്മുവും കുട്ടുവും

ഒരിടത്തൊരു ഒരു കുടുബമുണ്ടായുരുന്നു. ആകുടുംബത്തിൽ രണ്ടു മക്കളും ഒരു അമ്മയും

ഉണ്ടായിരുന്നത്.

അമ്മു എന്ന കുട്ടിക്ക് എന്തു പറഞ്ഞാലും കുശുമ്പായിരുന്നു. എന്നാൽ കുട്ടു അങ്ങനെയായിരുന്നില്ല. അവൾ എന്തു സാധനമുണ്ടായുരുന്നാലും എല്ലാവർക്കും കൊടുക്കുമായിരുന്നു. അവർ രണ്ടുപേരും നന്നായി

പഠിക്കുമായിരുന്നു. അവർക്കൊരു ദിവസം ഒരു ഊഞ്ഞാൽ കെട്ടി കൊടുത്തു. അവരുടെ അമ്മ അവർ രണ്ടുപേരും ഒരുമിച്ചാടിയതിനുശേഷം പിറ്റേന്ന് കുട്ടുവിന് പനിപിടിച്ചു. അമ്മൂ സ്കൂളിൽപ്പോയി കുട്ടു ആശുപത്രിയിലും പോയി മരുന്നുമെടിച്ചുതന്നതിനുശേഷം കുട്ടു ഊഞ്ഞാലിലാടി. അമ്മു സ്കൂൾവിട്ട് വന്നു. അപ്പോൾ കുട്ടു ഇരുന്നൂഞ്ഞാലിൽ ആടുന്നത് കണ്ടു. അപ്പോൾ അമ്മു വേഗം വന്ന് പറഞ്ഞു എഴുന്നേക്കാൻ. അപ്പോൾ കുട്ടു പറഞ്ഞു ഞാൻ ഇപ്പോൾ ഇരുന്നതേയൊള്ളൂവെന്ന്. അവർ തമ്മിൽ ഭയങ്കര തർക്കമായി. അവർ രണ്ടുപേരും കരച്ചിൽ തുടങ്ങി. അതു കണ്ട അവരുടെ അമ്മ ആ ഊഞ്ഞാൽ

അഴിച്ചു വച്ചു. അതോടെ അവർ രണ്ടു പേരും വഴക്കുണ്ടാക്കി. അതുകഴിഞ്ഞതിനു ശേഷം അവരുടെ അമ്മ

പറഞ്ഞൂ മക്കളേ നിങ്ങൾ ഇങ്ങനെ വഴക്കിടല്ലെന്ന് നിങ്ങൾ രണ്ടു പേരും പറഞ്ഞേ  എന്നു പറഞ്ഞു. അതുകഴിഞ്ഞ് അവർക്ക് മനസ്സിലായി അങ്ങനെ വഴക്കുണ്ടാക്കാൻ പാടില്ലയെന്ന്. അതു കഴഞ്ഞ് അവരുടെ അമ്മ രണ്ടുപേർക്കും കൂടി രണ്ട് ഊഞ്ഞാൽ ഉണ്ടാക്കി കൊടുത്തു. അത് അവർക്ക് ഭയങ്കര സന്തോഷമായി. അവർ അമ്മയോട്ടു പറഞ്ഞു ഇനി ഞങ്ങൾ വഴക്കുണ്ടാക്കില്ല എന്ന് പറഞ്ഞു. അവർ വീണ്ടും കളി തുടങ്ങി.

_സാന്ദ്ര സജേഷ്

# കടംകഥകൾ

Q:അടികിണ്ണം നടുവിൻമേൽ കുട
Ans:ചേന
Q:അരയുണ്ട് കാലുണ്ട് കാൽപാദമില്ല
Ans:പാന്റ്
Q:അടക്കും തുറക്കും കിങ്ങിണി പത്തായം
Ans:കണ്ണ്
Q:അമ്പാട്ടെ പട്ടിക്ക് മുന്നോട്ട് വാല്
Ans:ചിരവ
Q:അമ്മയെ തലോടി മകൻ മരിച്ചു
Ans:തീപ്പെട്ടി കൊള്ളി
Q:അമ്മ കല്ലിലും മുള്ളിലും മകൾ കല്ല്യണ പന്തലിൽ
Ans:വാഴ
Q:അടയുടെ ഉള്ളിൽ പെരുമ്പട
Ans:തേനീച്ച
Q:ആദ്യം പൊന്തി പിന്നെ തൂങ്ങി തൂങ്ങി
Ans:വാഴക്കുല
Q:ആയിരം കുഞ്ഞുങ്ങൾക്കൊരരഞ്ഞാണം
Ans:ചൂല്
Q:ഈച്ചത്തൊടാത്തൊരിറച്ചി കഷ്ണം
Ans:തീക്കട്ട
Q:ഇരുട്ടാട്ടിയാൽ എണ്ണ കിട്ടും
Ans:എള്ള്
Q:അകത്തറുത്താൽ പുറത്തറിയും
Ans:ചക്കപ്പഴം
Q;അമ്മക്ക് വാലില്ല മകൾക്ക് വാലുണ്ട്
Ans:തവള

# കൂടിയാട്ടം

**ലോ**കപൈതൃകമായി യുനസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപമാണ് കൂടിയാട്ടം. അഭിനയ കലക്ക് നൃത്തത്തേക്കാൾ പ്രാധാന്യം നൽകുന്നതിനാൽ അഭിനയത്തിന്റെ അമ്മ എന്നും കൂടിയാട്ടത്തിനെ വിശേഷിപ്പിക്കുന്നു. കൂടിയാട്ടത്തിന്റെ ഇപ്പോഴുള്ള രൂപത്തിന് എണ്ണൂറ് വർഷങ്ങളുടെ പഴക്കമേയൊള്ളൂ. ഏറ്റവും പ്രാചീനമായ സംസ്കൃത നാടകങ്ങളിലൊന്നാണിത്. പൂർണരൂപത്തിൽ ഒരു കൂടിയാട്ടം അവതരിപ്പിക്കാൻ നാൽപ്പത്തിയൊന്ന് ദിവസം വേണ്ടിവരും.

**നവരസങ്ങൾ**





ശൃംഗാരം
കരുണം
വീരം
രൗദ്രം
ഹാസ്യം
ഭയാനകം
ബീഭൽസം
അൽഭുതം
ശാന്തം

## ചങ്ങമ്പുഴ

മനുഷ്യനെന്ന നിലയിലും കവി എന്ന നിലയിലും മറ്റുള്ള കവികവികളിൽ നിന്ന് ഒറ്റപ്പെട്ടുനിൽക്കുന്ന കവിയാണ് ചങ്ങമ്പുഴ. മലയാള ഓർഫ്യൂസ് എന്നറിയപ്പെടുന്ന ചങ്ങമ്പുഴ 1911 ഒക്ടോബർ 10 എറണാകുളം ജില്ലയിലെ  ഇടപ്പിള്ളിയിൽ ജനിച്ചു.

ഇടപ്പള്ളി ചങ്ങമ്പുഴ തറവാട്ടിലെ ശ്രീമതി പാറുകുട്ടിയമ്മയാണ് മാതാവ്. തെകേടത്തു വീട്ടിൽ രാമൻ മേനോൻ പിതാവും. ചങ്ങമ്പുഴ എറണാകുളത്തും തിരുവനന്തപുരത്തുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. മലയാള സാഹിത്യത്തിൽ ബി . എ ഓണേഴ്സ് നേടി. രണ്ട് വർഷം പട്ടാളത്തിൽ സേവനം ചെയ്തു. മംഗളോദയം പത്രാധി സമിതിയിൽ അംഗമായിരുന്നു. നാടൻ ശീലുകൾ തിരഞ്ഞെടുത്തെഴുതിയ ചങ്ങമ്പുഴ കവിതകൾ എല്ലാതരത്തിലുമുള്ള ജന വിഭാഗങ്ങളെയും ആകർഷിച്ചു. ലളിതവും പ്രസാദമധുരിതവുമാണ് ചങ്ങമ്പുഴ കവിത. രമണൻ എന്ന ഗ്രാമീണ വിലാപകാവ്യം അദ്ദേഹത്തിൻെറ വിദ്യാർത്ഥി ജീവിതകാലത്തെഴുതിയതാണ്. രക്ത പുഷ്പങ്ങൾ , സ്പന്ദിക്കുന്ന അസ്ഥിമാടം , മോഹിനി , ബാഷ്പാഞ്ജലി , സങ്കൽപ്പ കാന്തി , യവനിക , പാടുന്ന പിശാച് , ആരാധകൻ , ദേവഗീതാ , ദിവ്യഗീതം ,

ഹേമന്ത ചന്ദ്രിക , അപരാധികൾ , തിലോത്തമ്മ , മനസിനി എന്നിവയാണ് മുഖ്യ കൃതികൾ.
രമണൻ , അഭയം , ഓർക്കുക വല്ലപ്പോഴും തുടങ്ങിയവ ചിത്രങ്ങളിൽ ഈണം പകർന്ന് അവതരിപ്പിച്ചിട്ടുണ്ട്.
1948 ജൂൺ 17 ന് അന്തരിച്ചു.



# സൗന്ദര്യലഹരി

**ചങ്ങമ്പുഴ കൃഷ്ണപിള്ള**



പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗാളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവ്വദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരംപൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയുംസന്ധ്യാ ശ്രീയും;
വാനിലുല്ലസിച്ചിടും വാര്മതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്തമണിത്തെന്നൽ സൗരഭോന്മദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തന്തിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൽ ചുറ്റും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവെ;
വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലകൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-
"ജ്ജീവിക്കു, ജീവിക്കു," കെന്നുൽബോധിപ്പിപ്പൂ നിത്യം.
"നുകരു,നുകരു,മത്സൗന്ദര്യം!"-നമ്മോടിളം-
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.
"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടൊരെന്നെ!"

ജി.വി.എച്ച്.എസ്സ്.എസ്സ് നേര്യമംഗലം

പാടലദലാധരം പേർത്തുമുച്ചലിക്കെ,ച്ചെ-
റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.
å ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീർക്കാനാവുകി, ലതേ കാമ്യം!
സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം
പോയാലോ പോയി;-പിന്നെയൊന്നു, മില്ലെല്ലാം ശൂന്യം!
ഇന്നുനാമുള്ളോ,രില്ലാത്തവരായ്ത്തീർന്നിടേണം
പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനായ്.
ഇന്നലെ,ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു ഞാ-
നിന്നിനിച്ചിരിക്കട്ടെ;- നാളെഞാനൊഴിഞ്ഞേയ്ക്കാം!
പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ
'മതി!'- യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!27-8-1108

# സമയവും അളവുകളും

| | | |
|---|---|---|
| 1 സെന്റ് | - | 40.47 ചതുരശ്ര കി.മി |
| 100 സെന്റ് | - | 1 ഏക്കർ |
| 100 ചതുരശ്ര മീറ്റർ | - | 1 ആർ (0.25 ഏക്കർ) - |
| 1000 ആർ | - | 1 ഹെക്ടർ |
| 1000 കെ. ജി | - | 1 ടൺ |
| 1 നാഴി | - | 250 ഗ്രാം |
| 4 നാഴി | - | ഒരു ഇടങ്ങഴി |
| 10 ഇടങ്ങഴി | - | ഒരു പറ |
| ഒരു നാഴിക | - | 24 മിനിട്ട് |
| അര നാഴിക | - | 1 മണിക്കൂർ |
| ഒരു വിനാഴിക | - | 24 സെക്കെൻഡ് |
| ഒരു യാമം | - | 3 മണിക്കൂർ |

# പരിസ്ഥിതിദിനത്തിന്റെ പ്രാധാന്യം

അഹാന അക്ബർ

ജൂൺ 5 പരിസ്ഥിതിദിനമാണ്.
പരിസ്ഥിതിയെ സംരക്ഷിക്കേതിന്റെ
ആവശ്യകത ഇക്കാലത്തേറെയാണ്. ചെടികളും
മരങ്ങളും അടങ്ങുന്ന ജൈവാവസ്ഥയെയാണ്
പരിസ്ഥിതി എന്ന് വിളിക്കുന്നത്.
പരിസ്ഥിതിയിലെ പ്രധാനപ്പെട്ട ഒന്നാണ്
മരങ്ങളും ചെടികളും.അതുകൊുതന്നെ മരങ്ങൾ
നട്ടു വളർത്താൻ നമ്മൾ ശ്രമിക്കണം.
ഒരോ ദിവസവും കാടുകൾ നശിക്കുകയും
ജലസ്രോതസ്സുകൾ നശിക്കുകയും ചെയ്യുന്നു.
നമ്മുടെ പരിസരം മാലിന്യം കൊണ്ട്
നിറയുകയും ചെയ്യുന്നു. മനുഷ്യന്റെ
സുഖ ദുഖങ്ങൾക്കായുള്ള പരക്കം പായൽ മൂലം
പ്രകൃതിയെയും ഭൂമിയെയും
നശിപ്പിക്കുന്നു. പ്രകൃതിയെ സംരക്ഷിച്ചു
കൊുള്ള വികസന പ്രവർത്തനങ്ങളാണ്
ഇക്കാലത്താവശ്യം.

# കുട്ടിയും തള്ളയും

**കുമാരനാശാൻ**

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

**ജി.വി.എച്ച്.എസ്സ്.എസ്സ് നേര്യമംഗലം**

**തണൽ**

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-

ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,

''എന്താതനാം ദേവനോതുന്നതേ ഞാ-

നെന്താകിലും ചെയ്യു''വെന്നല്ലയല്ലീ?

*22 ഏപ്രിൽ 1910*

# മിന്നാമിനുങ്ങ്

**കുമാരനാശാൻ**

ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

## തണൽ

മിന്നങ്ങി നീ ചെന്നിട്ടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രൂരുഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാ വിളങ്ങുന്ന ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവറ്റയാർ-
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവേ;
നിരന്ന നക്ഷത്രഗണങ്ങൾ കീഴുമാ-
ർന്നിരട്ടയായ് തീർന്നൊരു വിണ്ണപോലവേ.

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാർന്നു പൊങ്ങിയും
തളർന്നുവീണും—ചെറുതാരമുഴിതാൻ
വളർപ്പതാമിങ്ങിതു—തള്ള വാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുമേ.

കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുമ്പടിതന്നെയെങ്ങും
മിന്നങ്ങിമങ്ങും ചൊടിയാർന്ന മിന്നാ-
മിനുങ്ങുമുൾപ്പൂവുമുടപ്പിറപ്പോ?

*സെപ്തംബർ 1912*

# സ്വപ്നം

വളരെ മനോഹരമായ ഒരു വർണ്ണ ശലഭമായ പകൽ കഴഞ്ഞ് രാത്രിയുടെ കറുത്ത നിഴൽ ഭൂമിയിൽ വീമ് തുടങ്ങി. അതേ സമയം പാടത്ത് ഉള്ള പണിയിൽ മുഴികിയവർ പണികളെല്ലാം അവസാനിപ്പിച്ച് തന്റെ ഭവനത്തിൽ എത്താൻ ഉള്ള തിടുക്കത്തിൽ ആയിരുന്നു. അവിടെ ഒരു നാല് കെട്ട് വീട് അത് മണ്ണ് കൊണ്ട് അതി മനോഹരമായി നിർമിച്ചിരിക്കുന്നു. പണിയുടെ ക്ഷീണത്തിൽ എല്ലാവരും തന്നെ മയങ്ങി തുടങ്ങി. പക്ഷേ ശ്രീ ജയ പാടത്ത് എന്നും പണി കാണാൻ പോകുമായിരുന്നു. രാത്രിയിൽ പാടത്ത് നടന്ന കാര്യങ്ങൾ അവൾ ഓർത്തു തുടങ്ങി. പാടുന്ന കിളികളും, സ്ത്രീകളും, കൊയ്യുന്ന കർഷകർ, വിതക്കുന്ന സ്ത്രീകളും, ഭൂമി ഉഴുതു മറക്കുന്ന കാളകൾ അന്തരീക്ഷം ഇങ്ങനെ പോകവേ പെട്ടെന്ന് അപ്പുറത്തെ കാട്ടിൽ കാട്ടുതീ ആളിപ്പടർന്നു. തിരിഞ്ഞോടാതെ മനുഷ്യർ കാട്ടിൽ ജീവിക്കുന്നവരേയും, മൃഗങ്ങ്ഹളേയും രക്ഷിക്കാൻ കാട്ടിലോട്ടോടി. രക്ഷിക്കാവുന്നതിന്റെ പരമാവധി അവർ അവരെ രക്ഷിച്ചു. പെട്ടെന്ന് ഇന്ന് വലിയ ഒരപകടത്തിൽ നിന്ന് രക്ഷപെട്ടവരെ കാണണമെന്ന് അവളുടെ മനസ്സ് ഏങ്ങലടിച്ച് പറഞ്ഞു. കാണണം അവരെ കാണണം അവൾ നടന്നു ഉറക്കമുമരാതെ, മനസ്സ് പിടറാതെ, കാലിടറാതെ, കൈകൾ വിറക്കാതെ, നടന്ന് നീങ്ങിയത് ആ പാടത്തേക്കാണ്. പാടത്ത് അതിമനോഹരമായ ഗാനമാല പിടിച്ച് നഷ്ടപെട്ട് പോയതെല്ലാം അവൾ അവർക്ക് തിരിച്ച് നൽകി. തന്റെ മനോഹരമായ ചിറക് വിടർത്തി അവൾ പറന്നുയർന്ന് വാനിൽ അപ്രത്യക്ഷമായി. ശരിക്കും ഈ സപ്നം കണ്ടത് ആ ഭൂമി തന്നെയാണ്. മനോഹാരിത വിളയാടുന്ന ഭൂമി.

_ ഗോപിക രാജേഷ്

# കുസൃതി ചോദ്യങ്ങൾ

**Q:** തിന്നാൻ പറ്റാത്ത ജാം?

**Ans:** ട്രാഫിക്ക് ജാം

**Q:** അടിക്കാൻ പറ്റാത്ത ഗെയിറ്റ്?

**Ans:** കോൾ ഗെയിറ്റ്

**Q:** കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്ത വളം?

**Ans:**കോവളം

**Q:**വഴുതി വീഴുന്ന രാജ്യം?

**Ans:**ഗ്രീസ്

**Q**:ആരും കയറാത്ത ബസ്സ്?

**Ans;**സില ബസ്സ്

**Q**:ഭക്ഷണം കഴിക്കാൻ പറ്റാത്ത പാത്രം?

**Ans**:കഥാപാത്രം

**Q**;തലയിൽ കാലുള്ള ജീവി?

**Ans**;പേൻ

**Q:**വാങ്ങാൻ പറ്റാത്ത കടം?

**Ans**:സങ്കടം

**Q:**എല്ലാവരും തിന്നുന്ന ആണി?

**ബിരിയാണി**

**Q**:എല്ലാവരും ആദരിക്കുന്ന നായ?

**Ans:**ബഹുമാന്യനായ

**Q:**പൊടിയിട്ടാൽ വടിയാകുന്നത്?

**Ans:**പുട്ട്

**Q:**ആർക്കും കേൾക്കാൻ പറ്റാത്ത ശബ്ദം?

**Ans**:നിശബ്ദം

**Q:**ഒരക്ഷരം പോയാൽ കുഴപ്പമാകുന്ന വസ്തു?

**Ans:**കുഴലപ്പം

**Q:**മുടിയിൽ ചൂടാൻ പറ്റാത്ത പൂവ്?

**Ans**:ഷാപ്പ്

# ഉള്ളൂർ

1877 ജൂൺ 6 ന് കോട്ടയം ജില്ലയിലെ താമരശ്ശേരി ഇല്ലത്താണ് ഉള്ളൂർ ജനിച്ചത്. മുഴുവൻ പേര് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ. അച്ഛൻ സുബ്രഹ്മണ്യ അയ്യർ. അമ്മ ഭഗവതിയമ്മ. കുട്ടിക്കാലം പെരുന്നയ്യിലായിരുന്നു വെങ്കിലും പിന്നീട് തിരുവനന്തപുരം ജില്ലയിലെ ഉള്ളൂരിലേക്ക് താമസം മാറി. തത്ത്വ ശാസ്ത്രത്തിലും നിയമത്തിലും ബിരുദവും മലയാളത്തിലും തമിഴിലും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. ആദ്യം അധ്യാപകനും പിന്നീട് തിരുവതാംകൂർ സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥനായും സേവനം അനുഷ്ഠിച്ചു. കേരള സാഹിത്യ ചരിത്രരചന ഉള്ളൂരിന്റെ ജീവിതത്തിലെ നാഴികകല്ലാണ്. ഉമാകേരളം, കർണഭൂഷണം, ഭക്തി ദീപിക, പിംഗള, ഒരു മഴത്തുള്ളി തുടങ്ങിയവയാണ് പ്രധാന കൃതികൾ. കേരള ചരിത്രത്തിന്റെ ശിൽപ്പി എന്ന നിലയിലാണ് ഉള്ളൂർ ഇന്നും നിലനിൽക്കുന്നത്. മഹാകവി, കവി തിലകൻ, സാഹിത്യ ഭൂഷൺ തുടങ്ങിയ ബഹുമതികൾ ഉള്ളൂരിന് ലഭിച്ചു. 1949 ലായിരുന്നു അന്ത്യം.



# പ്രേമസംഗീതം

## ഉള്ളൂർ എസ് പരമേശ്വരയ്യർ

ഒരൊറ്റമതമുണ്ടു -ലകി,ന്നയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമുളളും പാർവണശശിബിംബം
ഭക്ത്യനരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തികൃംതാൻ ദ്വേഷം; ലോകത്തി--
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മട്ടമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പു സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?
പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനം പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയ്ക്കുമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതിയിൽ
വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ

വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പൂസവിധത്തിൽ
മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘനമായ്ത്തോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്

[ 3 ]

III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്‌വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.

ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-

ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!

നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.

വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;

വിശ്വപ്രിയമായ് നടനം ചെയ് വതു വിധേയനെൻകൃത്യം.

[ 4 ]

ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും

ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ

അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--

ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?

അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ--

സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.

ആഴ് വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-

ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം

അരചർക്കരചനുമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവർ--

ക്കതിൽക്കൊളുത്തിന തിരിതാ-ൻ കത്തുവതന്തഃകരണാഖ്യം.

IV

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!

നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.

വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;

വിശ്വപ്രിയമായ് നടനം ചെയ് വതു വിധേയനെൻകൃത്യം.

[ 4 ]

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴുപ്പേകാ-

നനുചരനാവാ, മണിയാടകളല്ലഭിനയമതു സിദ്ധം.

അകമേ നിലകൊണ്ടതാതുച്ചവടുക,ളാമരുതെന്നുതിരി-

ച്ചടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.

അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷംമുതൽ ഞാ-

നരങ്ങുമണിയറയും പുകഴും മട്ടാടാനതുചതുരൻ.

പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മൂ

ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?

തണൽ

പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഖം;
പരമാർത്ഥത്തില്പ്പരനും ഞാനും ഭവാനുമൊന്നല്ലീ?
ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും
പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!

മണിമഞ്ജുഷ 1933

ജീവചരിത്രക്കുറിപ്പ്

# പി. എൻ പണിക്കർ

അക്ഷരവഴിയിലെ അപൂർവ്വ സാനിധ്യമായ പി.എൻ പണിക്കർ ആലപ്പുഴ ജില്ലയിലെ നീലം പേരൂരിൽ 1909 മാർച്ച് - 1ന് ജനിച്ചു. പി.എൽ പണിക്കരുടെ മുഴുവൻ പേര് പുതുവായിൽ നാരായണൻ പണിക്കർ. ഗോവിന്ദൻ പിള്ളയും ജാനികിയമ്മയും മാതാപിതാക്കൾ.

1926 -ൽ തൻെറ ജന്മനാട്ടിൽ സനാതന ധർമ്മ വായനാശാല സ്ഥാപിച്ചു. ഒരു സാധാരണ ഗ്രന്ഥശാല പ്രവർത്തകനായി പ്രവർത്തനം തുടങ്ങിയ അദ്ദേഹം രാപ്പകലില്ലാത്ത പ്രവർത്തനത്തിന്റെ ഫലമാണ് ഇന്ന് കാണുന്ന കേരള ഗ്രന്ഥ ശാലാ സംഘം. ആയിരക്കണക്കിന് ഗ്രന്ഥശാലകളെ സംഘത്തിന്റെകീഴിൽ കൊണ്ടുവരാനും പി.എൻ പണിക്കർക്ക് കഴിഞ്ഞു. ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ നായകൻ ക്യാൻ ഫെഡ്സിൻെറ സ്ഥാപകൻ തുടങ്ങി ഒട്ടനവധി സംഭാവനകൾ മലയാളത്തിന് നൽകി. കേരള നിയമസഭാ അംഗീകരിച്ച കേരള പബ്ളിക്ക് ലൈബ്രറി ആക്ട് പണിക്കരുടെ ശ്രമഫലമായിട്ടാ-ണുണ്ടായത്. കേരള അനൗപചാരിക വിദ്യാഭ്യാസ സമിതി രൂപീകരിച്ചതും അദ്ദേഹമാണ്. ജൂൺ 19-ന് എൺപത്തിയാറാമത്തേ വയസ്സിൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെനചരമദിനമായിട്ടാണ് ജൂൺ 19 വായനാദിനമായി ആചരിക്കുന്നു

പി.എൻ പമിക്കർ അധ്യാപകനായി പ്രവർത്തിച്ചിരുന്ന അമ്പലപ്പുഴ ഗവൺമെന്റ് എൽ. പി സ്കൂൾ അദ്ദേഹത്തിന്റെ സ്മാരകമായി 2014 ൽ ഗവൺമെന്റ് പ്രക്യാപിച്ചു.

# വള്ളത്തോൾ നാരയണ മേനോൻ

മലയാളത്തിലെ മഹാകവി, കേരള കലാമണ്ഡല സ്ഥാപകനുമായ വള്ളത്തോൾ 1878 ഒക്ടോബർ 16 ന് മലപ്പുറം ജില്ലയിലെ ചെന്നരയിൽ മഹാകവി ജനിച്ചു. വള്ളത്തോൾ നാരായണ മേനോൻ എന്നായിരുന്നു മുഴുവൻ പേര്. ദാമോദരൻ ഇളയത്ത്, കുട്ടി പാറു അമ്മ എന്നിവരാണ് മാതാപിതാക്കൾ.

തികഞ്ഞ മനുഷ്യസ്നേഹിയും, മതസൗഹാർദത്തിന്റെ വാക്താവായിരുന്നു അദ്ദേഹം. 1905 തുടങ്ങിയ വാത്മീകി രാമായണം 1907 പൂർത്തിയാക്കി. ഒരു രോഗ ബാധയെ തുടർ അദ്ദഹം ബധിരനായി ഇതേ തുർന്നാണ് ബധിര വിലാപം എന്ന കാവ്യം രചിച്ചത്. ഗാന്ധിജിയുടെ മരണത്തിൽ ദുഖിച്ചെഴുതിയ വിലാപ കാവ്യമാണ് ബാപ്പൂജി.

വിവർത്തകനെന്ന നിലയിൽ വള്ളത്തോളിന്റെ സംഭാവന മഹത്താണ്. വാത്മീകി രാമായണത്തിനു പുറമേ അഭിഞ്ജാന ശകുനന്തളം, മാതംഗലീല, ഋഗ്വേദം, പദ്മപുരാണം, വാമനപുരാണം, മാധ്യമ വിയോഗം തുടങ്ങിയവ വിവർത്തനം ചെയ്യപ്പെട്ടു.

വിവർത്തനം കൊണ്ട് കേരള വാത്മീകിയെന്നും. കഥകളിയുടെ സമുദ്ധർത്താവ് എന്ന നിലയിൽ കേരള ടാഗോർ എന്നും വള്ളത്തോൾ അറിയപ്പെടുന്നു. കലയെയും കലാകാരന്മാരെയും ഏറെ ഇഷ്ട്പ്പെട്ടിരുന്ന വള്ളത്തോൾ കേരല കലകളുടെ പരിഭോഷകനായി തൃശ്ശൂര ജില്ലിലെ ചെറുതുരിത്തിയിൽ കേരള കലാമണ്ഡലം എന്ന കലാപഠന കേന്ദ്രം സ്ഥാപിച്ചു. രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയുടെ ജീവിതം വള്ളത്തോളിനെ ഏറെ സ്വാധീനിച്ചു. സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ അധ്യക്ഷനും കേരള സാഹിത്യ അക്കാദമിയുടെ ഉപാദ്യക്ഷനും ആയിരുന്നിട്ടുണ്ട്. 1955-ൽ ഭാരത സരക്കാർ വള്ളത്തോളിനെ പദ്മഭൂഷൺ ബഹുമതി നൽകി ആദരിച്ചു. മദ്രാസ് സർക്കാർ വള്ളത്തോളിനെ മലയാളത്തിന്റെ ആസ്ഥാന പട്ടം നൽകി ആദരിച്ചു.

എന്റെ ഗുരുനാഥൻ, സാഹിത്യ മഞ്ജരി, അഛനും മകളും, ഗണപതി, ശരണമയ്യപ്പാ, ബധിര വിലാപം, വിഷുക്കണി, വീര ശൃഗല, കാവ്യാമൃതം, കൈരളീ നാടകം, കൊച്ചു സീതാ, ബാപ്പൂജി, നാഗില, പരലോകം, ശിക്ഷ്യനും മകനും, സ്ത്രീ, റഷ്യയിൽ, പ്രസംഗ വേദിയിൽ തുടങ്ങിയവയാണ് പ്രധാന കൃതികൾ. 1958 മാർച്ച് 13 ന് 79 വയസ്സുള്ളപ്പോൾ അദ്ദേഹം അന്തരിച്ചു.

# വിക്രുവിനെ പാഠം പഠിപ്പിച്ചേ

ഒരിടത്തെ് ഒരു സൂത്രകാരൻ കുറുക്കൻ താമസിച്ചിരുന്നു. വിക്രു എന്നായിരുന്നു അവന്റെ പേര്. പുഴക്കരയിലെ ഒരു മാളത്തിലായിരുന്നു അവന്റെ താമസം. അവിടെയുള്ള ഒരു ഇളം പുല്ല് തിന്നാൻ എന്നും ബിച്ചു മുയൽ വരുമായിരുന്നു. എന്തെങ്കിലും സൂത്രം ഉപയോഗിച്ച് ഇവനെ പിടികൂടണം വിക്രു തീരുമാനിച്ചു. അതിനായി അവൻ ഒരു വഞ്ചിയുണ്ട്ക്കി. പിറ്റേന്ന് പുഴക്കക്കരെയെത്തിയ ബിച്ചുവിനെ വിക്രു വിളിച്ചു. ബിച്ചു എന്റെ പുതിയ വഞ്ചിയിൽ കയറിക്കൊള്ളൂ. പുഴയിലൂടെ നിനക്ക് ചുറ്റിയടിക്കാം. ബിച്ചുവിന് വിക്രുവിന്റെ സൂത്രം മനസ്സിലായി. എന്റെ രണ്ടു കൂട്ടുകാർ ഇതിൽ കയറിക്കൊട്ടെ. ബിച്ചു ചോദിച്ചു. എന്നാൽ "ശരി" വിക്രു സമ്മദിച്ചു. ഉടനെ ബിച്ചുവിന്റെ കൂട്ടുകാരനായ കുട്ടനാമയെയും വീരനെലിയെയും കൂടി വള്ളത്തിൽ കയറ്റി. വിക്രുഗമയിൽ വള്ളം തുഴഞ്ഞു. പക്ഷെ ഈ സമയം വീരൻ വള്ളം കരണ്ട് ദാര മുണ്ടാക്കുകയായിരുന്നു. വള്ളം പുഴയുടെ നടുക്കെത്തിയപ്പോഴെക്കും അതാ വള്ളത്തിൽ നിറയെ വെള്ളം കയറി. "അയ്യോ വിക്രു" ഉറക്കെ കരഞ്ഞു. ഇതു കണ്ട ബിച്ചുവിനെയും വിരനെയും കുട്ടനാമ പുറത്തു കയറ്റി എന്നിട്ട് വെള്ളത്തിലൂടെ നീന്തിപ്പോയി. ഇനി നീ പതുക്കെ നീന്തിപ്പോരൂ. ബിച്ചു വിളിച്ച് പറഞ്ഞു. അപ്പോഴാണ് ബിച്ചു തന്നെ പറ്റിച്ചതാണെന്ന് വിരുതൻ വിക്രുവിന് മനസ്സിലായത്.

# SONG OF A DREAM

**Sarojini Naidu**

ONCE in the dream of a night I stood
Lone in the light of a magical wood,
Soul-deep in visions that poppy-like sprang;
And spirits of Truth Were the birds that sang,
And spirits of Love were the stars that glowed,
And spirits of peace were the streams that flowed
In that magical wood in the land of sleep.

Lone in the light of that magical grove,
I felt the stars of the spirits of Love
Gather and gleam round my delicate youth,
And I heard the song of the spirits of Truth;
To quench my longing I bent me low
By the streams of the spirits of peace that flow
In that magical wood in the land of sleep.

# TWICE A WEEK THE WINTER THOROUGH

**A.E Houman**

Twice a week the winter thorough
Here stood I to keep the goal:
Football then was fighting sorrow
For the young man's soul

Now in Maytime to the wicket
Out I march with bat and pad:
See the son of grief at cricket
Trying to be glad.

Try I will; no harm in tryig:
Wonder 'tis how little mirth
Keeps the bones of man from lying
On the bed of earth.

# Woman Work

- Maya Angelon

I 've got the children to tent
The clothes to mend
The floor to mop
The food to shop
Then the chicken to fry
The baby to dry
I got company to weed
I ve got shirts to press

The tots to dress
The can to be cut
I gotta clean up this hut
Then see about the sick
And the cotton to pick

Shine on me, sunshine
Rain on me, rain
Fall softly, dewdrops
And cool my brow again.

Strom, blow me from here
With your fiercest wind
Let me float across the sky
Till I can rest again.

Fall gently, snowflakes
Cover me with white
Could icy kisses and
Let me rest tonight.

Sun, rain, curving sky
Mountain, oceans, leaf and ston
Star shin, moon glow
You're all that I can call my own.

# ANOTHER CHANCE


Helen Steiner Rice

How often we wish for another chance
To make a fresh beginning.
A chance to blot out our mistakes
And change failure into winning.

It doe-s not take a new day
To make a brand new start,
It only takes a deep desire
To try with all our heart.

To live a little better
And to always be forgiving
And to add a little sunshine
To the world in which we're living.

So never give up in despair
And think that you are through,
For there's always a tomorrow
And the hope of starting new.




*The Mountain and the Squirrel*
*Had a quarrel,*
*And thecformer called the latter 'Little Prig'.*
*Bun replied,*
*'You are doubtless very big;*
*But all sorts of things and weather*
*Must be taken in together,*
*To make up a year*
*And a sphere.*
*And I think it no disgrace*
*To occupy my place.*
*If I'm not so large as you,*
*You are not half so spry.*
*I'll not deny you make*
*A very pretty squrrel track;*
*Talents differ; all is well and wisely put;*
*If i cannot carry forests on my back,*
*Neither can you crack a nut'.*



# THE LITTLE BOY AND THE OLD MAN

Sheldon Allan

Said the little boy, 'Sometimes I drop my spoon.'
Said the little old man,' I do that too.'
The little boy whispered,' I wet my pants.'
'I do that too', lanughed the little old man .
Said the little boy, 'I often cry.'
The old man nodded,' So do I.'
'But worst of all,' said the boy,' it seems
Grown- ups don' t pay attention to me.'
And he felt the warmth of a wrinkled old hand.
'I know what you mean,' said the little old man.

# എന്റെ ഗ്രാമം

അഹാന അക്ബർ

നേര്യമംഗലം എന്റെ ഗ്രാമമാണ്.
നാനാജാതി മതസ്ഥർ ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്ന പ്രകൃതി സൗന്ദര്യത്തിന്റെ നാടാണ് പെരിയാറിന്റെ തീരപ്രദേശമായ നേര്യമംഗലം. നേര്യമംഗലത്തിന്റെ ഏറ്റവും വലിയ പ്രത്യകത കേരളത്തിലെ ഏറ്റവും ജലസമ്പത്തുള്ള നദിയായ പെരിയാറും അതിനോട് ചേർന്ന മഴക്കാടുകളുമാണ്.
പ്രകൃതി അനുഗ്രഹിച്ച ഈ നാടാണ് മഴയുടെ സ്വന്തം നാട്.
തിരുവിതാംകൂർ രാജഭരണകാലത്ത് നിർമിച്ച പാലവും റാണികല്ലും മധുര രാജാക്കൻമാരുടെകാലത്ത് നിർമ്മിച്ചതെന്ന് കരുതുന്ന അയ്യപ്പ ക്ഷേത്രവും വലിയ ചരിത്ര സ്മാരകങ്ങളാണ്. കേരളത്തിലെ ആദ്യത്തെ റബർ തോട്ടം നേര്യമംഗലമടങ്ങുന്ന പാലമറ്റം എസ്റ്റേറ്റിൽ പെട്ടതായിരുന്നു.എറണാകുളം ജില്ലയുടെ ജവഹർ നവോദയ വിദ്യാലയവും, ജില്ലാ കൃഷിതോട്ടവും സ്ഥിതിചെയ്യുന്നത് ഈ മനോഹരമായ ഗ്രാമത്തിലാണ്.
കേന്ദ്ര നാളികേര വികസന ബോർഡിന്റെ തെങ്ങുൽപ്പാദന കേന്ദ്രവും സ്ഥിതിചെയ്യുന്നതും ഇവിടെ തന്നെ. ചുറ്റും മലകൾ നിറഞ്ഞ നേര്യമംഗലം എറണാകുളം ജില്ലയുടെ കിഴക്കേ അറ്റത്താണ് സ്ഥിതിചെയ്യുന്നത്. നേര്യമംഗലം എന്ന സ്ഥലം എറണാകുളം ജില്ലയിലും ഇടുക്കി ജില്ലയിലുമായി വ്യാപിച്ചുകിടക്കുന്നു.



**തണൽ**

ചരിത്ര സ്മാരകങ്ങളിലൂടെ..................

# നേര്യമംഗലം പാലം




**ജി.വി.എച്ച്.എസ്സ്.എസ്സ് നേര്യമംഗലം**

തണൽ






ജി.വി.എച്ച്.എസ്സ്.എസ്സ് നേര്യമംഗലം

# പെരിയാർ



ജി.വി.എച്ച്.എസ്സ്.എസ്സ് നേര്യമംഗലം

# റാണിക്കല്ല്


CONSTRUCTION WAS COMMENCED
ON THIS ROAD TO
THE HIGH RANGES
AND THE ROAD OPENED BY
HER HIGHNESS
SETU LAKSHMI BAI
MAHARANI REGENT OF TRAVANCORE

# തൂക്കുപാലം



# കടപ്പാട്

ഈ ഡിജിറ്റൽ മാഗസിൻ യഥാർത്ഥമാക്കിയ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മാർഗനിർദേശം നൽകിയ ലില്ലികുട്ടി ടീച്ചർക്കും ബിനി ടീച്ചർക്കും നന്ദി അറിയിച്ച കൊള്ളുന്നു.



**എഡിറ്റർ**

**അഹാന അക്ബർ**

# ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ

# 2018-19

